# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

EI -4219/2020

തിയതി: 28.04.2020

## സർക്കുലർ നം.03/2020-2021

വിഷയം: കേരള ചുമട്ട തൊഴിലാളി ക്ഷേമ ബോർഡ് കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി ജീവനക്കാരുടെ ശമ്പളത്തിൽ ഒരു ഭാഗം താൽക്കാലികമായി മാറ്റിവക്കുന്നതിന് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

പരാമർശം:
(1) കേരള ചുമട്ട തൊഴിലാളി ക്ഷേമ ബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങൾ-2002.
(2) സ.ഉ.(അച്ചടി) നം.46/2020/ധന. തിയതി:23.04.2020.
(3) 27.03.20 ലെ ബോർഡ് സർക്കുലർ നമ്പർ -30/ 2019-20.
(4)27.04.2020 തിയതിയിലെ G.O.(P) No.49/2020/fin നമ്പർ ഉത്തരവ്
(5) 20.04.2020 ലെ ബോർഡ് സർക്കുലർ നമ്പർ -01/ 2020-21.

സംസ്ഥാനത്ത് കോവിഡ് 19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ഉണ്ടായിട്ടുള്ള അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ മറികടക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (2) സർക്കാർ ഉത്തരവ് ക്ഷേമനിധി ബോർഡുകൾക്കും ബാധകമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, കേരള ചുമട്ട തൊഴിലാളി ക്ഷേമ ബോർഡ് ജീവനക്കാരുടെ ശമ്പളത്തിന്റെ ഒരു ഭാഗം താഴെ പറയും പ്രകാരം താത്കാലികമായി മാറ്റിവക്കുന്നതിന് ഇതിനാൽ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1. കേരള ചുമട്ട തൊഴിലാളി ക്ഷേമ ബോർഡിന്റെ വിവിധ ഓഫീസുകളിൽ നിന്നും ശമ്പളം വാങ്ങുന്ന ജീവനക്കാരുടെ മൊത്തം മാസ ശമ്പളത്തിൽ നിന്നും ആറ് ദിവസത്തെ ശമ്പളം വീതം (അലവൻസ് അടക്കമുള്ള മൊത്തം മാസശമ്പളം/ബന്ധപ്പെട്ട മാസത്തിലെ ദിവസങ്ങളുടെ എണ്ണം) X6 .2020 ഏപ്രിൽ മുതൽ2020 ആഗസ്റ്റ് വരെയുള്ള അഞ്ച് മാസം, വിതരണം ചെയ്യാതെ മാറ്റി വയ്ക്കേണ്ടതാണ്.

2. മേൽപ്പറഞ്ഞ ജീവനക്കാരിൽ20,000/- രൂപവരെ മൊത്ത ശമ്പളമുള്ള (ഗ്രോസ്)പാർട്ട്ടൈം കാഷ്വൽസ്വീപ്പർമാർ,ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, ദിവസവേതന /താൽക്കാലിക ജീവനക്കാർ എന്നിവർക്ക് മേൽ ഉത്തരവ് ബാധകമല്ല.

3. കോവിഡ്-19 പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഒരു മാസത്തെ ശമ്പളം ഇതിനകം സംഭാവന ചെയ്ത ജീവനക്കാർക്ക് മേൽ ഉത്തരവ് ബാധകമല്ല.

4. നിലവിൽ ഉപജീവന ബത്ത വാങ്ങുന്ന ജീവനക്കാരെ താൽക്കാലികമായി ഇതിൽ നിന്ന് ഒഴിവാക്കുന്നു. എന്നാൽ സസ്പെൻഷൻ കഴിഞ്ഞ് സേവനം ക്രമീകരിക്കുന്ന മുറയ്ക്ക് ഈ തുക ശമ്പളത്തിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

5. ജീവനക്കാരുടെ സാമ്പത്തിക ബുദ്ധിമുട്ട് ഒഴിവാക്കുവാൻ ടി കാലയളവിൽ സി പി എഫ് ലോൺ ,സി പി എഫ് സബ്സ്ക്രിപ്ഷൻ അരിയർ ,ഓണം അഡ്വാൻസ് ,പേഴ്സണൽ ലോൺ എന്നി കിഴിവുകൾ അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കി നൽകാവുന്നതാണ്

6. ഇപ്രകാരം മാറ്റിവെയ്ക്കപ്പെടുന്ന ശമ്പളം / വേതനം / ഓണറേറിയം, സൂചന (2 ) പ്രകാരം ബന്ധപ്പെട്ട ഓഫീസുകൾ സ്വന്തമായോ അല്ലെങ്കിൽ ജില്ലാകമ്മിറ്റിതലത്തിൽ ഒരുമിച്ചോ ട്രഷറിയിൽ ഒരു പ്രത്യേക സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട്തുടങ്ങി ടി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

7. ദിവസവേതന ജീവനക്കാർക്ക് ഏപ്രിൽ മാസത്തിലെ 18,25 എന്നി ശനി ആഴ്ച ദിവസങ്ങളും ,പൊതു അവധി ദിവസങ്ങളും ഒഴിവാക്കി സൂചന (3 ) സർക്കുലർ പ്രകാരം ടി മാസത്തിലെ വേതനം നൽകാവുന്നതാണ്.

8. സൂചന (4 ) സർക്കാർ ഉത്തരവ് പ്രകാരം സൂചന (5 ) സർക്കുലറിന് ഇളവ് അനുവദിച്ച ഓഫീസ് ഓഫീസ് അറ്റൻഡന്റ് (OA), പാർട്ട് ടൈം(PTS) ജീവനക്കാർക്കും ലീവ് സറണ്ടർ സാലറി അനുവദിക്കാവുന്നതാണ്

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്

എല്ലാജില്ലാകമ്മിറ്റി/കൊച്ചിൻപോർട്ട്ട്രസ്റ്റ്ഏരിയാകമ്മിറ്റി/സബ്ഓഫീസ്ചെയർമാന്മാർക്കും

പകർപ്പ്

ഫിനാൻസ് ഓഫീസർ/സെക്രട്ടറി,കേ.ചു.തൊ. ക്ഷേമ ബോർഡ്, എറണാകുളം

അക്കൗണ്ട്സ് ഓഫീസർ (W&E, P&A, I A, സ്റ്റാറ്റ്യൂട്ടറി)

ജൂനിയർസൂപ്രണ്ട്(ക്യാഷ്, ഫിനാൻസ്,ഓഡിറ്റ്)

ഇ1,ഇ2,എഫ്1,എഫ്4,ബിൽസെക്ഷൻ, സ്റ്റോക്ക്ഫയൽ,ഓഫീസ്കോപ്പി,ബോർഡിന്റെ വെബ്സൈറ്റ്

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്

ഭരണഭാഷ – മാതൃഭാഷ

**നം. E1-1380/2020/Try**

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 27/04/2020

പ്രേഷകൻ

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: 04/2020 മുതൽ 08/2020 വരെ ശമ്പളത്തിൽ നിന്നും മാറ്റി വയ്ക്കുന്ന തുക നിക്ഷേപിക്കുന്നതിനു STSB അക്കൗണ്ട് തുടങ്ങുന്നത്-മാർഗ്ഗനിർദ്ദേശം-സംബന്ധിച്ച്.

സൂചന : 1. ജി.ഓ.(പി )46/ 2020 /Fin dt 23 .04 .2020

2. 25 .04 .2020 ലെ ITSF -2 / 07 / 2020 / Fin നമ്പർ സർക്കുലർ

3 Govt Letter No. 1493301/SL3/2020/Fin. dt 24.04.2020

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1)-ലെ സർക്കാർ കത്തിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ (**പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ,യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള ഗ്രാന്റ് -ഇൻ-എയ്ഡ് സ്ഥാപനങ്ങൾ , ക്ഷേമനിധി ബോർഡുകൾ , വിവിധ കമ്മീഷനുകൾ, സംസ്ഥാന സർക്കാരിന് കീഴിൽ വരുന്ന മറ്റ് സ്ഥാപനങ്ങൾ** ) ജീവനക്കാരുടെ 4/2020 to 08/2020 വരെയുള്ള ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന തുക നിക്ഷേപിക്കുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശം ചുവടെ ചേർക്കുന്നു.

i. പരാമർശ സ്ഥാപനങ്ങളിലെ സ്ഥാപനമേധാവിയുടെ ആവശ്യ പ്രകാരം പ്രത്യേക TSB Account തുടങ്ങേണ്ടതാണ്. ഇതിനായി പ്രത്യേക സർക്കാർ അനുമതി ആവശ്യമില്ല

ii. ഇതിനായി **Type 29** -**SDTSB (Salary Deduction Treasury Savings Bank Account )** ഉപയോഗിക്കേണ്ടതാണ്.

iii. മേൽ അക്കൗണ്ടിലേക്ക് തുക ക്യാഷായും ചെക്കായും സ്വീകരിക്കാവുന്നതാണ്.

iv. പ്രസ്തുത അക്കൗണ്ടുകൾക്ക് ചെക്ക് ബുക്ക് നൽകുവാൻ പാടുള്ളതല്ല.

v. ഇത്തരം അക്കൗണ്ടുകളിൽ നിന്നും തുക പിൻവലിക്കുന്നതിന് അനുമതിയില്ല .

vi. SDTSB അക്കൗണ്ട് തുടങ്ങുന്നതിനുള്ള അപേക്ഷ നിശ്ചിത ഫോർമാറ്റിൽ ബന്ധപ്പെട്ട അധികാരി സമർപ്പിക്കുന്ന മുറയ്ക്ക് ട്രഷറികളിൽ നിന്നും അക്കൗണ്ട് ഓപ്പൺ ചെയ്ത് നൽകേണ്ടതാണ്.

vii. അക്കൗണ്ട് തുടങ്ങുന്നതിനുള്ള അപേക്ഷയുടെ ഫോർമാറ്റ് ധനകാര്യ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാണ് . ഈ വിവരം എല്ലാ ട്രഷറികളുടെയും നോട്ടീസ് ബോർഡിൽ ഡിസ്പ്ലേ ചെയ്യേണ്ടതാണ്.

viii. അപേക്ഷ ലഭ്യമായാലുടൻ തന്നെ അക്കൗണ്ട് ഓപ്പൺ ചെയ്യേണ്ട നടപടി സ്വീകരിക്കേണ്ടതും പാസ്സ് ബുക്ക് ഇഷ്യൂ ചെയ്യേണ്ടതുമാണ്.

വിശ്വസ്തതയോടെ

**V. SAJAN**
**JOINT DIRECTOR I**
**For Director of Treasuries**

Directorate of Treasuries, Krishna Building, Thycaud.PO, Thiruvananthapuram - 695 014, www.treasury.kerala.gov.in. Email keralatreasury@gmail.com. PH. No.0471-2323963, FAX No.0471-2324229

27/4/2020

**GOVERNMENT OF KERALA**

**No.1493301/SL3/2020/Fin.**

Finance (Streamlining) Department
Thiruvananthapuram
Dated: **24.04.2020**
Ph No: 2518814
e-mail:info.fin@kerala.gov.in

From

Additional Chief Secretary (Finance)

To

The Director of Treasuries
Thiruvananthapuram

Sir,

Sub:- Finance Dept –Depositing the salary deferred in a separate STSB account– Reg.

Ref:- G.O.(P)46/2020/Fin dated 23.04.2020.

Inviting attention to the reference cited, I am to inform you that, in the case of institutions mentioned in Para 3 of the GO, the deferred amount is to be deposited in separate STSBs opened for this purpose and for which no separate Govt permission is required. In this connection, following directions are issued for the strict compliance.

1. A separate series of non interest bearing account is to be opened for these accounts as Salary Deduction TSB (SDTSB) to identify such accounts. easily.

2. No accounts may be permitted for offices using SPARK bills for salary claims.

3. The applications received for such account opening are to be acted upon immediately and passbook etc. issued by return.

4. The application format for opening the account is available in the website of Finance Department (www.finance.kerala.gov.in) and this information is to be displayed in the notice board of all treasuries.

5. Any clarification in this connection is to be cleared by your office immediately, in communication with Government, if required.

6. The guidelines for withdrawal from these accounts will be issued subsequently.

7. The details of such accounts opened are to be shared to Finance Department **before 10th May 2020.**

8. Necessary provisions in *isoft* for checking the balance available in these accounts is also to be made.

Please inform the content of this letter to all Treasury officers for strict complaince.

Yours faithfully,

SURESH KUMAR O.B.,
Deputy Secretary (Finance)
For Additional Chief Secretary (Finance)

Approved for Issue

Senior Grade Assistant

GOVERNMENT OF KERALA

Abstract

Kerala Service Rules - Deferment of Surrender of Earned leave - Exemption - Orders issued

---

FINANCE (RULES-B) DEPARTMENT

G.O.(P) No. 49/2020/Fin Dated, Thiruvananthapuram, 27/04/2020

---

Read: G.O.(P) No.42/2020/Fin. Dated 16.04.2020

ORDER

As per the Government Order read above, periodical surrender of Earned Leave by all categories of employees and teachers including those on temporary appointments was deferred for a period of three months from the date of that order. Government are now pleased to exempt the following categories of employees from the operation of the Government Order read above, with immediate effect:

1. Last Grade Servants (including Office Attendants in Subordinate Services)
2. Part-time Contingent Employees
3. Municipal Contingent Employees.

By order of the Governor,

RAJESH KUMAR SINGH
ADDITIONAL CHIEF SECRETARY (FINANCE)

To

The Principal Accountant General (A&E),Kerala, Thiruvananthapuram.
The Principal Accountant General (G&SSA),Kerala, Thiruvananthapuram.
The Accountant General (E&RSA), Kerala, Thiruvananthapuram.
All Additional Chief Secretaries/Principal Secretaries/Secretaries/Special Secretaries/Additional Secretaries/Joint Secretaries/Deputy Secretaries/Under Secretaries to Government.
The Secretary to Governor, Raj Bhavan.

The Private Secretary to Speaker/Deputy Speaker of the Legislative Assembly.
The Additional Secretary to the Chief Secretary.
The Private Secretaries to the Chief Minister and other Ministers.
The Private Secretary to the Leader of Opposition.
All Heads of Departments / Offices.
All Departments and Sections of the Secretariat.
The Director of Treasuries, Thiruvananthapuram.
The Secretary, K.P.S.C., Thiruvananthapuram (with C.L.)
The Registrar, High Court of Kerala, Ernakulam (with C.L.)
The Registrar, University of Kerala/Kochi/Calicut/Mahatma Gandhi/ Kannur (with C.L.)
The Registrar, Fisheries University (with C.L.)
The Registrar, Kerala Veterinary and Animal Sciences University (with C.L.)
The Registrar, Kerala University of Health & Allied Sciences (with C.L.)
The Registrar, National University of Advanced Legal Studies (with C.L.)
The Registrar, Central University of Kerala (with C.L.)
The Registrar, Thunchath Ezhuthachan Malayalam University (with C.L)
The Registrar, Kerala Lok Ayukta, Thiruvananthapuram.
The Registrar, Kerala Agricultural University, Mannuthi.
The Registrar, Sree Sankara Sanskrit University, Kalady (with C.L.)
The Secretary,Ombudsman for Local Self Government, Thiruvananthapuram.
The Advocate General, Kerala, Ernakulam (with C.L.)
The Secretary, K.S.E.B., Thiruvananthapuram (with C.L.)
The General Manager, K.S.R.T.C., Thiruvananthapuram.
The Secretary, Human Rights Commission, Thiruvananthapuram.
The State Election Commissioner, Kerala, Thiruvananthapuram.
The State Chief Information Commissioner (with C.L.)
The Nodal Officer, www.finance.kerala.gov.in.
The Web and New Media,Information & Public Relations Department.
The Stock File/Office Copy (E 1491187).

**Forwarded By Order**

**Section Officer**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - കോവിഡ് പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിൽ ഒരു ഭാഗം താത്കാലികമായി മാറ്റിവെച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ (രഹസ്യ) വകുപ്പ്**

**സ.ഉ.(അച്ചടി) നം.46/2020/ധന. തിരുവനന്തപുരം, തീയതി,23.04.2020.**

---

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കൊവിഡ് പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിർദേശമനുസരിച്ച് ലോക്ക് ഡൗൺ അടക്കമുള്ള പ്രതിരോധ നടപടികൾ സ്വീകരിച്ചുവരികയാണ്. സാമ്പത്തിക മാന്ദ്യത്തിൽപ്പെട്ട് ഉഴലുകയായിരുന്ന സമ്പദ് വ്യവസ്ഥയെ അപ്രതീക്ഷിതമായി പൊട്ടിപുറപ്പെട്ട കൊവിഡ് പകർച്ചവ്യാധി പരിപൂർണമായി നിശ്ചലമാക്കിയിരിക്കുന്നു. പരമ്പരാഗത, കാർഷിക, വ്യാവസായിക, അസംഘടിത മേഖലകളിലടക്കം ഉടലെടുത്ത തൊഴിൽ സ്തംഭനം സാധാരണ ജനജീവിതം അസാധ്യമാക്കിയിരിക്കുന്നു. കൊവിഡ് മഹാമാരി സാമ്പത്തിക മേഖലയിൽ ഏൽപ്പിച്ച കനത്ത ആഘാതത്തിൻറെ ഫലമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വരുമാനത്തിൽ മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത ഇടിവാണ് ദൃശ്യമായിട്ടുള്ളത്. പല സംസ്ഥാനങ്ങളും റവന്യൂ ചെലവ് ഉൾക്കൊള്ളുന്നതിനായി ജീവനക്കാരുടെ ശമ്പളത്തിന്റെ നിശ്ചിത ശതമാനം മാറ്റിവെച്ച സ്ഥിതിയുണ്ടായിട്ടുണ്ട്. സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം ദൈനംദിന ചെലവുകൾക്ക് പോലും പരിമിതമായ വായ്പാ സൗകര്യത്തെ ആശ്രയിക്കേണ്ട അവസ്ഥയാണുള്ളത്. സർക്കാർ അതീവ ഗുരുതരമായ സാമ്പത്തിക

പ്രതിസന്ധിയെ നേരിടുന്ന ഈ പശ്ചാത്തലത്തിലും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റി സാധാരണ ജനജീവിതം ഉറപ്പുവരുത്തേണ്ടതുണ്ട്. ധനദൃഢീകരണത്തിലൂടെ മേൽ ലക്ഷ്യം കൈവരിക്കുവാനായി ചുവടെച്ചേർക്കുന്ന നടപടികൾ ഉടൻ പ്രാബല്യത്തിൽ സ്വീകരിച്ച് ഉത്തരവാകുന്നു.:

1. സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും ശമ്പളം വാങ്ങുന്ന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും (എയ്ഡഡ് മേഖലയിലെ ഉൾപ്പടെ) മൊത്തം മാസശമ്പളത്തിൽ നിന്നും, ആറു ദിവസത്തെ വീതം (അലവൻസ് അടക്കമുള്ള മൊത്ത മാസ ശമ്പളം X 6 / ബന്ധപ്പെട്ട മാസത്തിലെ ദിവസങ്ങളുടെ എണ്ണം) , ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള അഞ്ചു മാസം വിതരണം ചെയ്യാതെ മാറ്റിവയ്ക്കേണ്ടതാണ്.
2. മേൽ പറഞ്ഞ വിഭാഗത്തിൽ, 20,000 രൂപ വരെ മൊത്ത ശമ്പളമുള്ള (Gross) പാർട്ടൈം കാഷ്വൽ സ്വീപ്പർമാർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, ദിവസ വേതന / താൽക്കാലിക/കൺസോളിഡേറ്റഡ് പേ വാങ്ങുന്ന ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവർക്ക് മേൽ ഉത്തരവ് ബാധകമല്ല.
3. പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ യൂണിവേഴ്സിറ്റികൾ ഉൾപ്പെടെയുള്ള ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, ക്ഷേമ നിധി ബോർഡുകൾ, വിവിധ കമ്മീഷനുകൾ, സംസ്ഥാന സർക്കാരിന് കീഴിൽ വരുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കും മേൽ ഉത്തരവ് ബാധകമാണ്.
4. ഇവരിൽ സർക്കാരിൽ നിന്നും നേരിട്ട് ശമ്പളം കൈപ്പറ്റാത്ത ജീവനക്കാരുടെ/അംഗങ്ങളുടെ ഇപ്രകാരം മാറ്റി വയ്ക്കപ്പെടുന്ന ശമ്പളം/വേതനം/ ഹോണറേറിയം ബന്ധപ്പെട്ട സ്ഥാപനങ്ങൾ ട്രഷറിയിൽ പ്രത്യേക സ്പെഷ്യൽ ട്രഷറി സേവിങ്സ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഇക്കാര്യത്തിനായി സ്ഥാപനങ്ങൾ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിങ്സ് അക്കൗണ്ട് ആരംഭിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമില്ല .
5. മന്ത്രിമാർ, എം.എൽ.എമാർ, ബോർഡ് അംഗങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ , വിവിധ

കമ്മീഷനുകളിലെ അംഗങ്ങൾ എന്നിവരുടെ പ്രതിമാസ മൊത്ത ശമ്പളം / ഹോണറേറിയം (അലവൻസ് അടക്കമുള്ള ) 30 ശതമാനം വീതം ഒരു വർഷത്തേയ്ക്ക് കുറവു ചെയ്യുന്നതാണ്.

6. കൊവിഡിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഒരു മാസത്തെ ശമ്പളം ഇതിനകം സംഭാവന ചെയ്ത ജീവനക്കാർക്ക് മേൽ ഉത്തരവ് ബാധകമല്ല.
7. നിലവിൽ ഉപജിവന ബത്ത വാങ്ങുന്ന ജിവനക്കാരെ താത്കാലികമായി ഇതിൽ നിന്നൊഴിവാക്കുന്നു. എന്നാൽ സസ്പെൻഷൻ കഴിഞ്ഞ് സേവനം ക്രമീകരിക്കുന്ന മുറക്ക് ഈ തുക ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്നതാണ്

മറ്റ് വ്യയ നിയന്ത്രണ നടപടികൾ സംബന്ധിച്ച ഉത്തരവുകൾ പിന്നീട് പുറപ്പെടുവിക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രാജേഷ് കുമാർ സിംഗ് ,**

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള സർവ്വകലാശാല / കൊച്ചി / കോഴിക്കോട് / മഹാത്മ ഗാന്ധി / കണ്ണൂർ / കേരള കാർഷിക സർവ്വകലാശാല / ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല/ മലയാളം സർവ്വകലാശാല/ ആരോഗ്യ സർവ്വകലാശാല/ സാങ്കേതിക സർവ്വകലാശാല.

എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും,
ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും,
അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ,
ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ
നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
എല്ലാ സർക്കാർ കമ്പനികളുടേയും / ബോർഡ് /
കോർപ്പറേഷനുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ
എന്നിവയുടെ മാനേജിംഗ് ഡയറക്ടർ / ജനറൽ മാനേജർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ